File. No. LSGD-DD2/87/2019-LSGD

'ഭരണഭാഷ-മാതൃഭാഷ'

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-27-02-2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - വൈക്കം ബ്ലോക്ക് പഞ്ചായത്ത് - കാലിത്തീറ്റ മക്കച്ചോളം ഗ്രീൻ ഫോഡർ പ്രോജക്ടിന് സാധൂകരണം നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.591 /2019/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി,12.03.2019**

==============================================================

പരാമർശം: 1. കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.02.2019-ലെ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.02.2019-ലെ യോഗത്തിന്റെ 4.31-ാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

വൈക്കം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതും ഡി.പി.സി.അംഗീകാരം ലഭിച്ചതുമായ പ്രോജക്ട് നം.എസ് 0092/19 കാലിത്തീറ്റ മക്കച്ചോളം ഗ്രീൻ ഫോഡർ പദ്ധതി പ്രകാരം പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള അടിയന്തിര നടപടിയായി 1000 പേർക്ക് 250 കി.ഗ്രാം വീതമുള്ള പച്ചപ്പുല്ല്/സൈലേജ് ക്ഷീര സംഘങ്ങൾ മുഖേന വിതരണം നടത്തുകയുണ്ടായി. ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായ ടി പ്രൊജക്ടിൽ 1,99,999/-രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സബ്സിഡി മാർഗ്ഗ രേഖകൾ പാലിക്കുന്നില്ല എന്ന നിർവ്വഹണ ഉദ്യോഗസ്ഥയുടെ അഭിപ്രായ പ്രകാരം പദ്ധതിയ്ക്ക് കോഓർഡിനേഷൻ കമ്മിറ്റിയുടെ സാധൂകരണം നൽകണമെന്നും ചെലവഴിച്ച തുക വികസന ഫണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് റീക്കുപ് ചെയ്യാൻ അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് അഭ്യർത്ഥിക്കുകയുണ്ടായി. പദ്ധതിയ്ക്ക് സാധൂകരണം നൽകിക്കൊണ്ടും എന്നാൽ തുക തനത് ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്യാൻ അനുവാദം നിരസിച്ചും 27.02.2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പരാമർശം (2) പ്രകാരം തീരുമാനിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. 27.02.2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, വൈക്കം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ട് നം.എസ് 0092/19 കാലിത്തീറ്റ മക്കച്ചോളം ഗ്രീൻ ഫോഡർ പദ്ധതിയ്ക്ക് കീഴിൽ തനത് ഫണ്ടിൽ നിന്നും 1,99,999/-രൂപ ചെലവഴിച്ച നടപടിയ്ക്ക്

സാധൂകരണം നൽകി ഉത്തരവാകുന്നു. എന്നാൽ ടി തുക വികസനഫണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് റീക്ലപ്പ് ചെയ്യാവുന്നതല്ല എന്നും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ എബ്രഹാം**
**അഡീഷണൽ സെക്രട്ടറി**

To
ജില്ലാ പ്ലാനിംഗ് ഓഫീസർ, കോട്ടയം
സെക്രട്ടറി, വൈക്കം ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം
ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ് സ് ഗ്രൂപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ത.സ്വ.ഭ.(ഡി.എ)വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**